പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 621 08/08/2017-ൽ മറുപടിക്ക്

## വൈദ്യുതി പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, കെ.എസ്.ശബരീനാഥൻ<br>,, പി.ടി. തോമസ്<br>,, ഹൈബി ഈഡൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | കാലവർഷത്തിൽ മഴയുടെ അളവ് കുറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രതിദിനം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനം ഇപ്പോൾ പുറത്തു നിന്നും വാങ്ങുന്നത്; | (ബി) | 2017 ജൂലായ് 31 വരെയുള്ള കണക്കനുസരിച്ച് പ്രതിദിനം ശരാശരി 55.25 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുറത്തു നിന്നും വാങ്ങുന്നുണ്ട്. ഇതിൽ 27.91 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേന്ദ്രവിഹിതമായി ലഭിക്കുന്നു. |
| (സി) | ഇടുക്കി ജലസംഭരണിയിലെ ജലനിരപ്പ് ക്രമാതീതമായി താഴുന്നത് സംസ്ഥാനത്തെ കടുത്ത വൈദ്യുതി പ്രതിസന്ധിയിലാക്കുമെന്നതിനാൽ ഈ സാഹചര്യം തരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | 2017-18 കാലയളവിലെ വൈദ്യുതി ഉപഭോഗം ഏതാണ്ട് 24770 ദശലക്ഷം യൂണിറ്റായിരിക്കുമെന്നാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കണക്കാക്കിയിരിക്കുന്നത്. വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 865 മെഗാ വാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിൽ DBFOO tender വഴി ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാ വാട്ട് 2016-17 കാലയളവിൽ ലഭിച്ചു തുടങ്ങി. ശേഷിക്കുന്ന 550 മെഗാ വാട്ട് വൈദ്യുതി 01.10.2017 മുതൽ ലഭിച്ചു തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | ഇത് കൂടാതെ നിലവിലുള്ള കാലവർഷ കുറവ് കാരണം ഉണ്ടായേക്കാവുന്ന ആഭ്യന്തര ഉൽപാദനത്തിലെ കുറവ് മുൻകൂട്ടി കണ്ട്, ഇപ്പോൾ തന്നെ പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങി വേനൽക്കാലത്തെ ആവശ്യത്തിന് വേണ്ടി ജലം സംഭരിക്കുന്നുണ്ട്. ഇപ്രകാരം പ്രതീക്ഷിച്ചതിന്റെ 80 ശതമാനം മാത്രം മഴ ലഭിച്ചാൽ പോലും 2017-18-ൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ നിലവിൽ പ്രതീക്ഷിച്ചതിന്റെ 60-70 ശതമാനം മഴ മാത്രമെ ഇതുവരെ ലഭിച്ചിട്ടുള്ളൂ. ഈ സാഹചര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ കൃത്യമായി അവലോകനം ചെയ്തു വരികയാണ്. വരും ദിവസങ്ങളിൽ മഴ ശക്തിപ്പെടുകയും തുലാവർഷം ശക്തമായി ലഭിക്കുകയും ചെയ്താൽ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്.<br>എന്നാൽ മഴയുടെ ദൗർലഭ്യം അനിശ്ചിതമായി നീണ്ടുപോവുകയാണെങ്കിൽ ഹ്രസ്വകാലത്തേക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്ന കാര്യവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ